# കേരളസർക്കാർ

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്

## രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷാഫലം 2015 മെയ് 21-ന് പ്രസിദ്ധീകരിക്കുന്നു.

2015 മാർച്ചിൽ നടന്ന രണ്ടാം വർഷ ഹയർസെക്കന്ററി പരീക്ഷാഫലം 21.05.2015 വ്യാഴാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് പി.ആർ.ഡി. ചേമ്പറിൽ വച്ച് ബഹു. വിദ്യാഭ്യാസമന്ത്രി പ്രസിദ്ധീകരിക്കുന്നതാണ്. ഇതോടൊപ്പം നടന്ന ഒന്നാം വർഷ ഹയർസെക്കന്ററി പരീക്ഷാഫലം ജൂൺ പകുതിയോടെ പ്രസിദ്ധപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2015 മാർച്ച് 9-ന് തുടങ്ങി 30-ന് അവസാനിച്ച ഹയർസെക്കന്ററി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ജോലികൾ ഏപ്രിൽ 6-ന് തുടങ്ങി, 15 പ്രവൃത്തിദിവസങ്ങൾ കൊണ്ട് ഭൂരിഭാഗവും പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

സാധാരണ അവധികൾക്കുപുറമെ വന്ന പൊതു അവധികൾ കാരണം മൂല്യനിർണ്ണയ ക്യാമ്പുകൾ 3 ദിവസം അടച്ചിടേണ്ടിവന്നിട്ടും മൂല്യനിർണ്ണയവും, ടാബുലേഷൻ ജോലികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഡയറക്ടറേറ്റിനു കഴിഞ്ഞിട്ടുണ്ട്. ഇതര പരീക്ഷാബോർഡുകളെ അപേക്ഷിച്ച് മാനവവിഭവശേഷിയിലും ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും ഏറെ പരിമിതികളുണ്ടായിരുന്നിട്ടും മൂല്യനിർണ്ണയ ക്യാമ്പ് ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും, പരീക്ഷാവിഭാഗത്തിലെ കേവലം 29 സ്ഥിരം ജീവനക്കാരുടെയും ആത്മാർത്ഥവും അർപ്പണബോധവുമുള്ള സമീപനം കൊണ്ടാണ് ഇത്തരത്തിൽ ഒരു നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

2015 മാർച്ചിലെ ഹയർസെക്കന്ററി പരീക്ഷാവിജ്ഞാപനം പുറത്തിറങ്ങിയതിനു പിന്നാലെ തന്നെ പരീക്ഷാനടത്തിപ്പ്, മൂല്യനിർണ്ണയം തുടങ്ങിയ വിഷയങ്ങളെ മുൻനിർത്തി പ്രിൻസിപ്പൽമാർക്ക് ജില്ലാതലത്തിൽ ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയുണ്ടായി. അതിന്റെ ഫലമായി പരീക്ഷാനടത്തിപ്പും, മൂല്യനിർണ്ണയവും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചു.

ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ശില്പശാലകൾ വലിയൊരളവിൽ വിദ്യാർത്ഥി സമൂഹത്തിന് സഹായകമായി. ചോദ്യപേപ്പർ വിതരണവുമായി ബന്ധപ്പെട്ടവർ കാണിച്ച സൂക്ഷ്മതയും, അതീവ ജാഗ്രതയും പ്രശംസനീയമാണ്.